(*b*) Answer to (a) is referred to.

(*c*) 25 sh. per ton (N. A. W.) of Monazite.

(*d*) Does not arise since Monazite cannot be sold or exported from India, without sanction of government.

(*e*) Sri. C. Kumara Das and Sri. Mudgil took part in the early discussions on the subject. Consequent upon their retirement, Hon'ble Sri. E. John Philipose and Sri. K. G. Menon represented this Government during the discussions.

UNSTARRED QUESTIONS

Questions posted for answer on 23—2—1951

പുറമ്പോക്കുസ്ഥലം

൩൭. (൨) ശ്രീ. ടി. എം. സന്നേലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦-ൽ വ്യക്തികൾക്കു് പുറമ്പോക്കുസ്ഥലങ്ങൾ പതിച്ചു കൊടുത്തിട്ടുണ്ടോ;

(ബി) കൊടുത്തിട്ടുണ്ടെങ്കിൽ എത്ര ഏക്കർ;

(സി) ഏതെല്ലാം താലൂക്കുകളിലാണു് കൊടുത്തിട്ടുള്ളതു്?

നിയമവും, ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) ഏതു ഏക്കർ ൪൪.൪൫ സെൻറ്.

(സി) തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം, മുകുന്ദപുരം, തലപ്പിള്ളി, കണയന്നൂർ, പറവൂർ, ചിറവൂർ.

Questions posted for answer on 26—2—1951

ശമ്പള കുടിശിക

൩൮. (൩) സാഹിബ്ബു് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി സദയം മറുപടി പറയുമോ.—

(എ) കായംകുളം ഇംഗ്ലീഷ് ഹൈസ്കൂളിലെ ഇപ്പോഴത്തെ അറബി മുന്നിക്കു് എത്രവർഷത്തെ ശമ്പളം കുടിശികയുണ്ടു്;

(ബി) കുടിശിക ഇതുവരെ കൊടുക്കാതിരിക്കുന്നതിനു് കാരണമെന്താണു്?

വിദ്യാഭ്യാസവും, കൃഷിയും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) രണ്ടുവർഷത്തെ അവധി അലവൻസുണ്ടു്.

(ബി) അദ്ധ്യാപകൻ ദീർഘമായ അവധിയിൽ ഇരുന്നതിനാൽ അവധി അനുവദിക്കാൻ കാലതാമസം വേണ്ടിവന്നു. തന്മൂലം അദ്ധ്യാപകനു ചെല്ലേണ്ട തുക തിട്ടപ്പെടുത്തി ആയതു് അനുവദിച്ചു ബില്ലെഴുതി വാങ്ങിക്കൊടുക്കുന്നതിനു് താമസം നേരിട്ടതു.

ഫിഫ്ത്തു് ക്ലാസുകൾ

൩൯. (൪) ടി. എം. സന്നേലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦ മുതൽ കൊച്ചി ഡിവിഷനിലെ വിദ്യാലയങ്ങളിൽ എത്ര ഫിഫ്ത്തു് ക്ലാസുകൾ ആരംഭിച്ചിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly